"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്നു വരുന്ന വെല്ലുവിളികൾ കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission – KSCCAM) രൂപീകരിച്ചുകൊണ്ടും, മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ധരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.61/2023/ENVT തീയതി,തിരുവനന്തപുരം, 04-08-2023

---

**ഉത്തരവ്**

സംസ്ഥാനം കാർബൺ ന്യൂട്രൽ ആക്കുന്നതിനും ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും ഹരിത തൊഴിലുകളെ അടിസ്ഥാനമാക്കിയുള്ള ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയായി മാറുന്നതിനുമുള്ള കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിന് കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission – KSCCAM) അടിയന്തിരമായി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. മിഷന്റെ പ്രതീക്ഷിത ഫലങ്ങൾ താഴെപ്പറയുന്നവയാണ്.

- ·ഹരിത ഗൃഹ വാതകങ്ങളുടെ (greenhouse gases) ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ദീർഘകാല ലക്ഷ്യങ്ങളുമായി യോജിപ്പിച്ച് സാമ്പത്തിക വികസനം; ക്ലീനർ സാങ്കേതികവിദ്യകളുടെ വിന്യാസം എന്നിവ വർദ്ധിപ്പിക്കുക

- ·മനുഷ്യവാസ കേന്ദ്രങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന ദുരന്തം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിന് വർദ്ധിപ്പിച്ച പ്രതിരോധശേഷിയും കാര്യക്ഷമമായ കാലാവസ്ഥ വ്യതിയാന അനുരൂപീകരണ പ്രവർത്തനങ്ങളും വഴി ശേഷി വർദ്ധിപ്പിക്കുക.

- ·ഭക്ഷ്യ-ജല സുരക്ഷയും, പ്രതിരോധശേഷിയുള്ള മേഖലാ വിതരണ ശൃംഖലകളും (കൃഷി, ഹോർട്ടികൾച്ചർ മുതലായവ) നൽകിക്കൊണ്ട് വിഭവ കാര്യക്ഷമമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന, പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള പരിഹാര മാർഗ്ഗങ്ങളും സംയോജിത പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ആവാസവ്യവസ്ഥയുടെ സേവനങ്ങൾ പുന:സ്ഥാപിക്കുക.

- ഹരിത ജോലികൾ, സുസ്ഥിര ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്കായി നൈപുണ്യവും പുനർ-നൈപുണ്യ വികസനവും വളർത്തുക.

- ·കാലാവസ്ഥാ വ്യതിയാനവും ദുരന്ത സാധ്യതകളും പരിഗണിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക.

- കാലാസ്ഥാ വ്യതിയാന അനുരൂപീകരണ ധനസഹായം ലഭ്യമാക്കുക.

2) മിഷന്റെ പ്രവർത്തനം സയൻസ് & ടെക്നോളജി വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് സമാന്തരമായും പ്രവർത്തനങ്ങളിൽ ഇരട്ടിക്കൽ (Duplication) വരാതെയും ആണ് എന്നത് ഉറപ്പുവരുത്തേണ്ടതാണ്. കാലാവസ്ഥയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര സംഘടനകളിൽ നിന്നുള്ള ധനസഹായ സ്രോതസ്സുകളായ carbon credit economy, Green funds എന്നിവയിൽ നിന്നുള്ള പ്രയോജനം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടെന്ന് മിഷൻ ഉറപ്പാക്കേണ്ടതാണ്.

3) മിഷന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിലേക്കായി ഏറ്റവും മിതമായ എണ്ണം സാങ്കേതിക വിദഗ്ധരുടെ ചുവടെ ചേർക്കുന്ന തസ്തികകൾ (9 എണ്ണം) സൃഷ്ടിച്ച് ഉത്തരവാകുന്നു

1. ചീഫ് റീസൈലൻസ് ഓഫീസർ (CRO) : 1 തസ്തിക (അന്യത്ര സേവന വ്യവസ്ഥയിൽ)

ദുരന്തസാധ്യത കുറയ്ക്കൽ, കാലാവസ്ഥാ വ്യതിയാനം, പോളിസി, പദ്ധതി ആസൂത്രണവും നിർവ്വഹണവും എന്നിവയിൽ സർക്കാരിൽ 10 വർഷത്തെ പരിചയം ഉണ്ടായിരിക്കേണ്ടതാണ്.

ചീഫ് റീസൈലൻസ് ഓഫീസർ കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷനിൽ മെമ്പർ കൺവീനർ ആയിരിക്കുന്നത് കൂടാതെ മിഷന്റെ ദൈനംദിന ഭരണപരവും സാങ്കേതികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും ഗ്രൂപ്പ് 1 ഡിപ്പാർട്ട്മെന്റ് മേധാവിയുടെ സാമ്പത്തിക വിനയോഗ അധികാരങ്ങൾ ഉള്ള പദവി ആയിരിക്കുകയും ചെയ്യും.

കാലാവധി കുറഞ്ഞത് 3 വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിലും തുടർന്ന് 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

ശമ്പള സ്കെയിൽ പുതുക്കിയ അക്കാദമിക് ( UGC ) സ്കെയിലിൽ അക്കാദമിക് ഗ്രേഡ് 14 അല്ലെങ്കിൽ അതിനു മുകളിലൊ ആയിരിക്കും.

ടിഎ/ഡിഎ ഗ്രേഡ് 1 ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

2. ക്ലൈമറ്റ് ചെയ്ഞ്ച് അസസ്സ്മെന്റ് സെപ്ഷ്യലിസ്റ്റ് (CCAS) : 1 തസ്തിക (കരാർ / അന്യത്ര സേവന വ്യവസ്ഥയിൽ)

അന്തരീക്ഷ ശാസ്ത്രത്തിലെ പിഎച്ച്ഡി, കാലാവസ്ഥാ വ്യതിയാനം / അന്തരീക്ഷ ശാസ്ത്രം /

കാലാവസ്ഥാ ശാസ്ത്രം എന്ന വിഷയത്തിലെ എം.എസ്.സി (കുറഞ്ഞത് 65% മൊത്തം സ്കോർ) കൂടാതെ ലോക്കൽ ഗവൺമെന്റ് പ്ലാനിംഗിൽ കാലാവസ്ഥാ വ്യതിയാന വിലയിരുത്തലുകളിൽ പിഎച്ച്ഡിക്ക് ശേഷം കുറഞ്ഞത് 2 വർഷത്തെ പരിചയം ഉണ്ടായിരിക്കേണ്ടതാണ്. മാത് ലാബിൽ അവശ്യമായ നൈപുണ്യം .

ഇന്ത്യ ഗവൺമെന്റിലെ കൺസൾട്ടന്റ് ഗ്രേഡ് II ന്റെ ശമ്പളം ( Rs. 1,25,000 / - മുതൽ 1,75,000 / - പ്രതിവർഷം 10% വർദ്ധനവ് ).

കരാർ കാലയളവ് കുറഞ്ഞത് 3 വർഷവും ആയത് 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

മേൽ ഉദ്യോഗസ്ഥന്റെ ടിഎ/ഡിഎ ഗ്രേഡ് 1 ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

3. കാർബൺ ഓഡിറ്റിംഗ് ഓഫീസർ (CAO) : 1 തസ്തിക (കരാർ / അന്യത്ര സേവന വ്യവസ്ഥയിൽ)

എൻവയോൺമെന്റൽ എഞ്ചിനീയറിംഗിൽ എം.ടെക് (കുറഞ്ഞത് 65% മൊത്തം സ്കോർ) കാലാവസ്ഥാ വ്യതിയാനം/കാർബൺ എസ്റ്റിമേഷൻ എന്നിവയിൽ രണ്ട് വർഷത്തെ പരിചയവും ഒപ്പം കാർബൺ ഓഡിറ്റിംഗിൽ സർട്ടിഫിക്കേഷനും കാർബൺ ഓഡിറ്റിംഗ് പ്രോജക്ടുകളിൽ കുറഞ്ഞത് 2 വർഷത്തെ പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

ഇന്ത്യ ഗവൺമെന്റിലെ കൺസൾട്ടന്റ് ഗ്രേഡ് II ന്റെ ശമ്പളം ( Rs. 1,25,000 / - മുതൽ 1,75,000 / - പ്രതിവർഷം 10% വർദ്ധനവ് )

കരാർ കാലയളവ് കുറഞ്ഞത് 3 വർഷവും ആയത് 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

ടിഎ/ഡിഎ ഗ്രേഡ് 1 ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

4. കാർബൺ ക്യാപ്ചർ & യൂട്ടലൈസേഷൻ സ്പെഷ്യലിസ്റ്റ് (CCUS) : 1 തസ്തിക (കരാർ/അന്യത്ര സേവന വ്യവസ്ഥയിൽ)

പെട്രോളിയം എഞ്ചിനീയറിംഗ്/എൻവയോൺമെന്റൽ എഞ്ചിനീയറിംഗിൽ എം.ടെക് (കുറഞ്ഞത് 65% മൊത്തം സ്കോർ) ആഴത്തിലുള്ള മണ്ണ് ഖനനം അല്ലെങ്കിൽ വൻകിട പെട്രോ-കെമിക്കൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരിസ്ഥിതി എമിഷൻ മാനേജ്മെന്റിൽ 2 വർഷത്തെ പരിചയം ഉണ്ടായിരിക്കേണ്ടതാണ്.

ഇന്ത്യാ ഗവൺമെന്റിലെ കൺസൾട്ടന്റ് ഗ്രേഡ് II ന്റെ ശമ്പളം (1,25,000/- മുതൽ 1,75,000/- വരെ പ്രതിവർഷം 10% വർദ്ധനവോടെ)

കരാർ കാലയളവ് കുറഞ്ഞത് 3 വർഷവും 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

ടിഎ/ഡിഎ ഗ്രേഡ് 1 ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

5. കാർബൺ മോണിറ്ററിംഗ് ആൻഡ് കംപ്ലയൻസ് ഓഫീസർ (CMCO) : 1 തസ്തിക (കരാർ/അന്യത്ര സേവന വ്യവസ്ഥയിൽ)

പരിസ്ഥിതി നിയമം/പരിസ്ഥിതി മാനേജ്മെന്റിൽ മാസ്റ്റേഴ്സ് (കുറഞ്ഞത് 65% മൊത്തം സ്കോർ), കൂടെ വികസന മേഖലയിലെ പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നതിൽ 2 വർഷത്തെ പരിചയം ഉണ്ടായിരിക്കേണ്ടതാണ്.

ഇന്ത്യാ ഗവൺമെന്റിലെ കൺസൾട്ടന്റ് ഗ്രേഡ് II ന്റെ ശമ്പളം (1,25,000/- മുതൽ 1,75,000/- വരെ പ്രതിവർഷം 10% വർദ്ധനവോടെ)

കരാർ കാലയളവ് കുറഞ്ഞത് 3 വർഷവും 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

ടിഎ/ഡിഎ ഗ്രേഡ് 1 ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

6. സയൻസ് കണ്ടന്റ് റൈറ്റർ (SCW) : 1 തസ്തിക (കരാർ/ അന്യത്ര സേവന വ്യവസ്ഥയിൽ)

എർത്ത്/പരിസ്ഥിതി ശാസ്ത്രത്തിൽ എം.എസ്.സി യും (കുറഞ്ഞത് 65% മൊത്തം സ്കോർ) ഗവേഷണ പ്രോജക്ടുകളിൽ 2 വർഷത്തെ പരിചയവും ഐഎസ്ഐ പിയർ (peer) അവലോകനം ചെയ്ത് ഒന്നാം രചയിതാവായി 5 ജേണൽ (Journal) പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളയാളും ആയിരിക്കേണ്ടതാണ് .

ഇന്ത്യാ ഗവൺമെന്റിലെ കൺസൾട്ടന്റ് ഗ്രേഡ് II ന്റെ ശമ്പളം (75,000/- മുതൽ 1,00,000/- വരെ പ്രതിവർഷം 10% വർദ്ധനവോടെ)

കരാർ കാലയളവ് കുറഞ്ഞത് 3 വർഷവും 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

ടിഎ/ഡിഎ ഗ്രേഡ് 2 a ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

7. അഡ്മിനിസ്ട്രേറ്റീവ് മാനേജർ (AM) : 1 തസ്തിക (അന്യത്ര സേവന വ്യവസ്ഥയിൽ)

എംബിഎ; പരിസ്ഥിതി/കാലാവസ്ഥാ വ്യതിയാനം/ദുരന്തനിവാരണം/എനർജി മാനേജ്മെന്റ് സെന്റർ/ സയന്റിഫിക് ഇൻസ്റ്റിറ്റ്യൂഷൻ ഓഫീസുകൾ കൂടാതെ/അല്ലെങ്കിൽ അനുബന്ധ പ്രോജക്റ്റുകൾ എന്നീ രംഗങ്ങളിൽ മാനേജരായി 8 വർഷത്തിനു മുകളിൽ പരിചയം ഉണ്ടായിരിക്കേണ്ടതാണ്.

ടിഎ/ഡിഎ ഗ്രേഡ് 12 (G.O(P)നം. 29/2021/fin 11-02-2021.)

8. മൾട്ടി ടാസ്കിംഗ് ഓഫീസർ ( MTO ) : 1 തസ്തിക (കരാർ / അന്യത്ര സേവന വ്യവസ്ഥയിൽ)

ഗ്രാജുവേറ്റ് ( കുറഞ്ഞത് 65% മൊത്തം സ്കോർ ) + DCA + ഇംഗ്ലീഷ് & മലയാളം ടൈപ്പ് ചെയ്യുന്നതിനുള്ള കഴിവ് ഒപ്പം സർക്കാരിൽ MTO ആയി 5 വർഷത്തെ പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

കേരള സർക്കാരിന്റെ കരാർ വ്യവസ്ഥയിലെ കാറ്റഗറി III ന് തുല്യമായ ശമ്പളം.

3 വർഷത്തെ കുറഞ്ഞ കരാർ കാലയളവും ആയത് 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

ടിഎ/ഡിഎ ഗ്രേഡ് III ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

9. അക്കൗണ്ടന്റ് (Accountant) : 1 തസ്തിക (കരാർ / അന്യത്ര സേവന വ്യവസ്ഥയിൽ)

ബി.കോം ( കുറഞ്ഞത് 65% മൊത്തം സ്കോർ ) + DCA + Tallyഒപ്പം അക്കൗണ്ടന്റായി സർക്കാരിൽ കുറഞ്ഞത് 5 വർഷത്തെ പരിചയവുംഉണ്ടായിരിക്കേണ്ടതാണ്.

കേരള സർക്കാരിന്റെ കരാർ വ്യവസ്ഥയിലെ കാറ്റഗറി III ക്ക് തുല്യമായ ശമ്പളം.

കരാർ കാലയളവ് കുറഞ്ഞത് 3 വർഷത്തേക്ക് ആയത് 3 വർഷം കൂടി പുതുക്കാവുന്നതുമാണ്.

ടി എ / ഡി എ ഗ്രേഡ് III ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും.

4) മിഷന്റെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് പ്ലാൻ, നോൺ പ്ലാൻ (Plan & Non Plan) ഇനങ്ങളിൽ ശീർഷകങ്ങൾ ആരംഭിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം.
സയൻസ് & ടെക്നോളജി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1685 പ്രകാരം)
ധനകാര്യ (Exp-B) വകുപ്പ് (EXP-B3/165/2023-FIN)
പരിസ്ഥിതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വഭാഗം (വെബ് സൈറ്റിൽ upload ചെയ്യുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Nalan A T
Date: 05-08-2023 10:51:56

സ.ഉ.(സാധാ) നം.61/2023/ENVT

സെക്ഷൻ ഓഫീസർ